## *പ്രളയക്കെടുതിയോടനുബന്ധിച്ചുള്ള പുനരധിവാസ ശുചീകരണ പ്രവർത്തനങ്ങൾ*

## *ബഹു. പഞ്ചായത്ത് ഡയറക്ടർ ശ്രീ.അജിത്കുമാർ .എം.പി യുടെ അദ്ധ്യക്ഷതയിൽ 27/08/2018 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്*

യോഗം ഉച്ചയ്ക്ക് 3 മണിയ്ക്ക് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ചേംബറിൽ ആരംഭിച്ചു. ബഹു.പഞ്ചായത്ത് ഡയറക്ടർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പഞ്ചായത്ത് ഡയറക്ടറേറ്റിലെ ജീവനക്കാർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഡിഡിപി ഓഫിസിലെ സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകളിലെ സീനിയർ സൂപ്രണ്ടുമാർ ഡിഡിപി, എഡിപി ഓഫീസുകളിലെ ജൂനിയർ സൂപ്രണ്ടുമാർ എന്നിവർ പങ്കെടുത്തു.

കേരള സംസ്ഥാനം സാക്ഷ്യം വഹിച്ച അതീവ ഗുരുതരമായ മഴക്കെടുതിയും അനുബന്ധ പ്രളയവും ബാധിച്ച വീടുകളും, പൊതുസ്ഥലങ്ങളും, കിണറുകളും മറ്റും വെള്ളമിറങ്ങയിതിനു ശേഷം ശുചീകരണം നടത്തുക എന്ന പ്രവർത്തനമാണ് തുടർ നാളുകളിൽ മുൻഗണനാ ക്രമത്തിൽ ചെയ്ത് തീർക്കുന്നതിന് ബഹു. സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളത്. സർക്കാർ/സർക്കാർ ഇതര സന്നദ്ധപ്രവർത്തകർ ഉൾപ്പെടെ എല്ലാ വിഭാഗം ആളുകളെയും ഉൾപ്പെടുത്തി നിശ്ചിത രൂപവും കൃത്യതയും ഏകോപനവും ഉറപ്പു വരുത്തി സമയബന്ധിതമായി ശുചീകരണ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ ആമുഖമായി അറിയിച്ചു.

കാലവർഷക്കെടുതിയും അനുബന്ധമായുണ്ടായ പ്രളയവും മൂലം ജില്ലയിൽ ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ചും, വെള്ളമിറങ്ങയതിനു ശേഷം പഞ്ചായത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്ന പ്രളയബാധിത പ്രദേശങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ പുരോഗതിയെ സംബന്ധിച്ചും പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ യോഗത്തിൽ വിശദമാക്കുകയുണ്ടായി.

തുടർന്ന്, യോഗത്തിൽ പങ്കെടുത്ത പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് സീനിയർ സൂപ്രണ്ടുമാരോട് താങ്കളുടെ അധികാരപരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ വെള്ളമിറങ്ങിയതിനു ശേഷം നടത്തിയ ശുചീകരണ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുന്നതിന് ബഹു. പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്–1 ന്റെ പരിധിയിൽ വരുന്ന അതിതീവ്ര വെള്ളപ്പൊക്കം ബാധിച്ച റാന്നി, റാന്നി–അങ്ങാടി, ചെറുകോൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ വീടുകളുടെയും, കിണറുകളുടെയും, പൊതു സ്ഥലങ്ങളുടെയും ശുചീകരണ പ്രവർത്തനം കൃത്യമായി ഏകോപിപ്പിച്ച് നടത്തതക്ക വിധത്തിൽ ആവശ്യത്തിന് ജീവനക്കാരെ ലഭ്യമാകുന്നില്ലായെന്നും ആയതിലേക്ക് ആവശ്യമായ ജീവനക്കാരെ നിയോഗിച്ച് നൽകണമെന്നും സീനിയർ സൂപ്രണ്ട് അഭിപ്രായപ്പെടുകയുണ്ടായി. അതിതീവ്രമല്ലാത്തതും എന്നാൽ തീവ്രവുമായ തോതിൽ വെള്ളപ്പൊക്കം ബാധിച്ച റാന്നി–പഴവങ്ങാടി, മല്ലപ്പുഴശ്ശേരി, കോഴഞ്ചേരി എന്നീ പ്രളയബാധിത പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനം കൃത്യമായി നടന്നു വരുന്നതായും സീനിയർ സൂപ്രണ്ട് അറിയിക്കുകയുണ്ടായി.

പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് –2 ന്റെ അധികാര പരിധിയിൽ വരുന്ന അതിതീവ്ര പ്രളയബാധിത പ്രദേശമായ ആറന്മുളയിൽ ശുചീകരണവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ

ഏകോപനത്തോടെയും കൃത്യതയോടും കൂടിയുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായും, ക്ലീനിംഗ് ആവശ്യമായിട്ടുള്ള 1772 ഇടങ്ങളിൽ ഏകദേശം 462 ഇടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതായും ബാക്കിയുള്ളവ മുൻഗണനാ ക്രമത്തിൽ ഏകോപിപ്പിച്ച് പൂർത്തീകരിച്ച് വരുന്നതായും സീനിയർ സൂപ്രണ്ട് അഭിപ്രായപ്പെടുകയുണ്ടായി. കൂടാതെ കുളനട, മെഴുവേലി ഉൾപ്പെടെ അതിതീവ്ര പ്രളയബാധിത പ്രദേശമല്ലാത്ത യൂണിറ്റിന്റെ പരിധിയിൽ വരുന്ന മറ്റ് ഗ്രാമപഞ്ചായത്തുകളിലും ശുചീകരണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ച് വരുന്നതായും സീനിയർ സൂപ്രണ്ട് അറിയിച്ചു.

പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് -3 ന്റെ അധികാര പരിധിയിൽ വരുന്ന അതിതീവ്ര പ്രളയബാധിത പഞ്ചായത്തുകളായ അയിരൂർ, പെരിങ്ങര, നിരണം, കടപ്ര, തോട്ടപ്പുഴശ്ശേരി, കുറ്റൂർ,നെടുമ്പ്രം, എന്നീ ഗ്രാമപഞ്ചായത്ത് ഓഫീസുകൾ വെള്ളത്തിൽ മുങ്ങി ഏതാണ്ട് എല്ലാ രേഖകളും ഉപയോഗിക്കാൻ പറ്റാത്ത വിധം നശിച്ചുവെന്നും എന്നാൽ ജീവനക്കാരുടെയും സന്നദ്ധ പ്രവർത്തകരുടെയും ശ്രമകരമായ പരിശ്രമത്തിലൂടെ ശുചീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നതായും സീനിയർ സൂപ്രണ്ട് അറിയിച്ചു. തീവ്ര പ്രളയബാധിത ഗ്രാമപഞ്ചായത്തുകളായ കോയിപ്രം, ഇരവിപേരൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ച് വരുന്നതായും സീനിയർ സൂപ്രണ്ട് അറിയിക്കുകയുണ്ടായി. നെടുമ്പ്രം ഉൾപ്പെടെ പ്രളയം ബാധിച്ച ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരെ കളക്ടറുടെ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചതും, ശുചീകരണ പ്രവർത്തനം ഏകോപിപ്പിച്ച് നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ ജീവനക്കാരുടെ അപര്യാപ്തതയും ശുചീകരണ പ്രവർത്തനം പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുന്നതായും ആയത് പരിഹരിച്ച് നൽകണമെന്നും സീനിയർ സൂപ്രണ്ട് ആവശ്യപ്പെടുകയുണ്ടായി.

ശുചീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധന സാമഗ്രികൾ കൂടി സമയബന്ധിതമായി ലഭ്യമാക്കണമെന്ന് പെർഫോമൻസ് ഓഡിറ്റ് സീനിയർ സൂപ്രണ്ടുമാർ യോഗത്തിൽ ആവശ്യപ്പെടുകയുണ്ടായി.

യൂണിസെഫിന്റെ പ്രതിനിധികൾ റാന്നി,പുളിക്കീഴ് എന്നീ ബ്ലോക്കുകളുടെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിൽ നേരിട്ടെത്തി വാട്ടർ പ്യൂരിഫിക്കേഷൻ, കിണർ ശുചീകരണം കുടിവെള്ള ടെസ്റ്റിംഗ് മുതലായ പ്രവൃത്തികൾ നടത്തി വരുന്നതായും, ക്യാമ്പുകളിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്തു വരുന്നതായും, പ്രളയത്തിനുശേഷം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങളിൽ ജൈവ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ആയത് സംസ്കരിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും യോഗത്തിൽ പങ്കെടുത്ത ഹരിതകേരള മിഷൻ പ്രതിനിധി ശ്രീ.ക്രിസ്റ്റി അഭിപ്രായപ്പെടുകയുണ്ടായി. മാത്രമല്ല ബ്ലീച്ചിംഗ് പൗഡർ ഉൾപ്പെടെ ശുചീകരണത്തിന് ആവശ്യമായിട്ടുള്ള സാധന സാമഗ്രികൾ ലഭ്യമാക്കണമെന്നും യോഗത്തിൽ ശ്രീ.ക്രിസ്റ്റി ആവശ്യപ്പെട്ടു. ശ്രീ.ക്രിസ്റ്റിയുടെ സേവനത്തെ ബഹു. പഞ്ചായത്ത് ഡയറക്ടർ പ്രകീർത്തിച്ചു.

ശ്രീ.ക്രിസ്റ്റിയുടെ അഡ്രസ്സ്- Chris Global Traders, Thiruvalla, Ph.No- 9496002423
E.mail- chrismamatha@gmail.com

ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് ജില്ലയിലെ വിവധ ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഹബ്ബുകൾ പ്രവർത്തിച്ചു വരുന്നതായും, വോളന്റിയേഴ്സിന് ഭക്ഷണം കമ്മ്യൂണിറ്റി കിച്ചൺ വഴി വിതരണം ചെയ്തു വരുന്നുവെന്നും, ശുചീകരണ സാധനസാമഗ്രികളുടെ ക്ഷാമം രൂക്ഷമാണ്. ആയതിലനാൽ 10,000 ഗംബൂട്ട്, 10,000 ഗ്ലൗസ്, 1000 Showel, മറ്റ് ക്ലീനിംഗ് മെറ്റീരിയലുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാക്കണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ യോഗത്തിൽ ആവശ്യപ്പെട്ടു.

ശുചീകരണവുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ബഹു. പഞ്ചായത്ത് ഡയറക്ടർ ചുവടെ പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ /തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിന് നിർദ്ദേശിക്കയുണ്ടായി.

- അതിതീവ്ര വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ ശുചീകരണ പ്രക്രിയ ഏകോപിപ്പിച്ച് അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ മറ്റ് ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ നിന്നും (അസി, സെക്രട്ടറിമാർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ്ക്ലാർക്കുമാർ, സീനിയർ ക്ലാർക്കുമാർ, ജൂനിയർ ക്ലാർക്കുമാർ) നിയോഗച്ച് നൽകുന്നതിന് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പൂർണ്ണ ചുമതല നൽകി നിർദ്ദേശിക്കുന്നു.
- വെള്ളപ്പൊക്ക ബാധിത മേഖലയിലെ വീടുകളും, കിണറുകളും, പൊതുസ്ഥലങ്ങളും അടിയന്തിരമായി ക്ലീൻ ചെയ്ത് ആയത് ഉപയോഗയോഗ്യമാക്കുന്നതിലേക്ക് സർക്കാർ/സർക്കാർ ഇതര സന്നദ്ധ സംഘടനകളുടെ സഹകരണം ലഭ്യമാക്കി ആയത് ഏകോപിപ്പിച്ച് അടിയന്തിരമായി ശുചീകരണ പ്രക്രീയ പൂർത്തീരിക്കുന്നതിന് ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.
- ശുചീകരണം പൂർത്തിയാക്കിയ പ്രദേശങ്ങളിലെ കിണറുകളിലെ കുടിവെള്ളം ഉപയോഗ യോഗ്യമാണോയെന്ന് പരിശോധിച്ച് ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.
- തീവ്ര പ്രളയബാധിത പ്രദേശത്തെ ശുചീകരണ പ്രവർത്തനത്തെ ഏകോപിപ്പിച്ച് നടപ്പിൽ വരുത്തുന്നതിന് പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ നിന്നും ബഹു. കളക്ടറുടെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരെ ആയതിൽ നിന്നും ഒഴിവാക്കി പഞ്ചായത്ത് സെക്രട്ടറി മുമ്പാകെ ഡ്യൂട്ടിയ്ക്ക് ഹാജരാകുന്നതിന് ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.
- ശുചീകരണ പ്രവർത്തനത്തിന് സന്നദ്ധ സംഘടനകളും മറ്റും ലഭ്യമാക്കുന്ന സാധന സാമഗ്രികൾ അടിയന്തിരമായി തന്നെ ഹബ്ബുകളിൽ എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.
- ശുചീകരണ പ്രവർത്തനത്തിന് മോട്ടോർ ആവശ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ആയത് അടിയന്തിരമായി നൽകുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചു.
- ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാരോ, അവർ നിയോഗിക്കുന്ന പ്രതിനിധികളോ എല്ലാ ദിവസവും അവരവരുടെ അധികാര പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ നേരിട്ടെത്തി ശുചീകരണ പ്രവർത്തനങ്ങൾ വിലയിരുത്തി അപ്പപ്പോൾ തന്നെ വിവരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ധരിപ്പിക്കേണ്ടതാണ്.
- ജില്ലയിലെ വിവധ ഗ്രാമപഞ്ചായത്തുകളിൽ സജ്ജമാക്കിയിട്ടുള്ള ദുരിതാശ്വാസ ക്യാമ്പുകൾ ഏത് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ പരിധിയിയിലാണോ വരുന്നത് പ്രസ്തുത ക്യാമ്പുകളിൽ അതാത് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ പരിശോധന നടത്തേണ്ടതും, പോരായ്മകൾ ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന ജില്ലാ ഭരണകൂടത്തെ അറിയിക്കേണ്ടതുമാണ്.
- പ്രളയബാധിത പ്രദേശങ്ങളിൽ ക്ലീനിംഗ് നടത്തുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആവശ്യപ്പെട്ട സാധന സാമഗ്രികൾ സമയബന്ധിതമായി ലഭ്യമാക്കി നൽകുന്നതിന് തീരുമാനിച്ചു.
- പ്രളയത്തോടനുബന്ധിച്ച് തകർന്നു പോയതും, കേടുപാടുകൾ സംഭവിച്ചതുമായ വീടുകളുടെയും മറ്റും സ്റ്റാറ്റസ് കൃത്യമായി LSGD എഞ്ചിനീയറിംഗ് വിഭാഗം ചെയ്യുന്നുണ്ടോയെന്നും സെക്രട്ടറിമാർ അവർക്ക് വേണ്ട സഹായങ്ങൾ

ചെയ്യുന്നുണ്ടോയെന്നും പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിച്ചു.

- പ്രളയത്തോടനുബന്ധിച്ച് വെള്ളമിറങ്ങിയ സ്ഥലങ്ങളിലും മറ്റും കുമിഞ്ഞുകൂടിയ മാലിന്യങ്ങൾ ജൈവ ആജൈവ മാലിന്യങ്ങളായി തരം തിരിച്ച് പരിസ്ഥിതിയ്ക്ക് കോട്ടം വരാത്ത വിധത്തിൽ സംസ്കരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ഹരിതകേരള മിഷനുമായി സഹകരിച്ച് ഹരിതകേരള നിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കേണ്ടതും ആയത് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ മോണിട്ടർ ചെയ്യേണ്ടതുമാണ്.
- കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഡ്യൂട്ടിയ്ക്ക് നിയോഗിച്ച ജീവനക്കാർക്ക് അതാത് ഓഫീസുകളിൽ നിന്നും ഡ്യൂട്ടി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ചു മാത്രമേ തുടർ ശമ്പളം നൽകാവൂ എന്ന് നിർദ്ദേശിച്ചു.
- തീവ്രപ്രളയക്കെടുതിയ്ക്ക് ഇടയായ ഗ്രാമപഞ്ചായത്തുകളിലെ വാർഡുകൾക്ക് ബഹു. ജില്ലാ കളക്ടർ അനുവദിച്ച തുക തുടർ പ്രവർത്തനങ്ങൾക്കു വേണ്ടി ചെലവഴിച്ചിട്ടുണ്ടെയെന്ന് ഉറപ്പ് വരുത്തുന്നതിന് ഡി.ഡി.പി ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീ.രാജേഷ്കുമാർ. പി.ജെ യെ ചുമതലപ്പെടുത്തി തീരുമാനിച്ചു.
- ശുചീകരണവുമായി ബന്ധപ്പെട്ട് ഏതു സമയത്തും എല്ലാ കാര്യത്തിലും സീനിയർ സൂപ്രണ്ടുമാർ അതീവ ശ്രദ്ധാലുക്കളായിരിക്കേണ്ടതും എന്തെങ്കിലും പോരായ്മകൾ കണ്ടെത്തിയാൽ അപ്പോൾ തന്നെ ആയത് സംബന്ധിച്ച വിവരം രേഖാമൂലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കുന്നതിനും നിർദ്ദേശിച്ചു.
- ശുചീകരണ പ്രവർത്തനവുമായി ബന്ധപ്പെടുത്തുന്ന സന്നദ്ധ പ്രവർത്തകർക്ക് ആഹാരം ആവശ്യമായിട്ടുള്ള പക്ഷം ആയത് ഹബ്ബുകളുടെ സഹായത്തോടുകൂടി ലഭ്യമാക്കി കൊടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് അറിയിപ്പ് നൽകുന്നത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് നിർദ്ദേശിച്ചു.

മുകളിൽ പരാമർശിച്ചിരിക്കുന്ന തീരുമാനങ്ങൾ നിർദ്ദേശിച്ച് യോഗം 6.30 പി.എം. ന് അവസാനിച്ചു.